**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**<u>വിജ്ഞാപനം</u>**

**<u>ബി.ഫാം (ലാറ്ററൽ എൻട്രി ) – 2025</u>**
**<u>ഓൺലൈൻ പ്രവേശന പരീക്ഷ അഡ്മിറ്റ് കാർഡുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്</u>**

23.11.2025 ന് നടത്തുന്ന ബി.ഫാം (ലാറ്ററൽ എൻട്രി ) – 2025 കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.ceee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്.

അപേക്ഷകരുടെ കാൻഡിഡേറ്റ് പോർട്ടലിലെ ഹോം പേജിൽ ആപ്ലിക്കേഷൻ നമ്പറും, പാസ്സ്‌വേഡും കൃത്യമായി നൽകിയതിനു ശേഷം **'Admit card'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൌട്ട് എടുക്കാവുന്നതാണ് .

അപേക്ഷകരെ തിരിച്ചറിയുന്നതിനുള്ള സാധുവായ തിരിച്ചറിയൽ രേഖ സഹിതം അഡ്മിറ്റ് കാർഡിന്റെ പ്രിന്റൌട്ട് പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടതാണ്. അപേക്ഷകനെ തിരിച്ചറിയുന്നതിന് അഡ്മിറ്റ് കാർഡിന്റെ കളർ പ്രിന്റൌട്ട് എടുക്കുന്നതാണ് അഭികാമ്യം. അഡ്മിറ്റ് കാർഡുകൾ തപാൽ വഴി അയയ്ക്കുന്നതല്ല.

അപ് ലോഡ് ചെയ്ത ഓൺലൈൻ അപേക്ഷയിലെ പേര്, ഒപ്പ്, ഫോട്ടോ എന്നിവയിലെ അപാകതകൾ മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവച്ചിട്ടുണ്ട്. അവർക്ക് ഹോം പേജിലെ **'Memo'** എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദ വിവരങ്ങൾ കാണാവുന്നതാണ്. അത്തരം അപേക്ഷകർ ആവശ്യമായ രേഖകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ 22.11.2025 **വൈകിട്ട്** 3.00 മണിക്ക് മുമ്പായി അപ്‌ലോഡ് ചെയ്ത് അപാകതകൾ പരിഹരിച്ചാൽ അഡ്മിറ്റ് കാർഡ് ഡൌൺലോഡ് ചെയ്യാവുന്നതാണ്.

തപാൽ/ഇ-മെയിൽ/ഫാക്സ് മുഖേന സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും ന്യൂനതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്നതല്ല. ആപ്ലിക്കേഷൻ നമ്പർ മറന്നുപോയ അപേക്ഷകർ 'Forget Application Number' എന്ന ലിങ്ക് ക്ലിക്ക്ചെയ്ത് ആവശ്യമായ വിവരങ്ങൾ നൽകിയാൽ ആപ്ലിക്കേഷൻ നമ്പർ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

Signed by
Arun S Nair
Date: 17-11-2025 18:28:17

തിരുവനന്തപുരം
17-11-2025

**പ്രവേശന പരീക്ഷാ കമ്മീഷണർ**